Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 29.6.2017

# നല്ല പൗരന്മാരെ വാർത്തെടുക്കാൻ ക്രിസ്തീയ അധ്യാപകർക്ക് കടമയുണ്ട്: ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

കൊച്ചി: മാനവീയ മൂല്യങ്ങൾ പകർന്നു നല്കുന്ന വിദ്യാഭ്യാസത്തിലൂടെ നല്ല പൗരന്മാരെ വാർത്തെടുക്കുവാൻ ക്രിസ്തീയ വിദ്യാലയങ്ങൾക്കും അധ്യാപകർക്കും കടമയുണ്ടെന്ന് മാവേലിക്കര രൂപതാധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പറഞ്ഞു. കേരള കത്തോലിക്കാ വിദ്യാർത്ഥി സഖ്യത്തിന്റെ ആനിമേറ്റേഴ്സ് കോൺഫറൻസും അവാർഡുദാനചടങ്ങും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

സംസ്ഥാന പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ, ജനറൽ ഓർഗനൈസർ സിറിയക് നരിതൂക്കിൽ, സാബു തങ്കച്ചൻ, മനോജ് ചാക്കോ എന്നിവർ പ്രസംഗിച്ചു. പുതിയ സംസ്ഥാന വിദ്യാർത്ഥി ഭാരവാഹികൾക്ക് സമ്മേളനത്തിൽ വച്ച് സ്വീകരണം നല്കി.

കുര്യച്ചൻ പുതുക്കാട്ടിൽ രചിച്ച സ്റ്റഡിസർക്കിൾ ഗ്രന്ഥമായ ജീവിതം വിസ്മയം, ആന്റണി ചടയംമുറി രചിച്ച ഉപപാഠപുസ്തകമായ വിശുദ്ധ ജോസ് ലൂയീസ് എന്നീ ഗ്രന്ഥങ്ങൾ ബിഷപ് പ്രകാശനം ചെയ്തു. ഏറ്റവും മികച്ച അധ്യാപകനുള്ള ഷെവ. പി.ടി. തോമസ് അവാർഡ് കുര്യച്ചൻ പുതുക്കാട്ടിലിനും ബെസ്റ്റ് സിസ്റ്റർ ആനിമേറ്റർക്കുള്ള അവാർഡ് സിസ്റ്റർ ജിസ മരിയ സി.എച്ച്.എഫിനും ബിഷപ് സമ്മാനിച്ചു. വിവിധ രൂപതകളിൽ നിന്നുള്ള 120 അധ്യാപകർ ദ്വിദിന കോൺഫറൻസിൽ പങ്കെടുത്തു.

**ഫാ. തോംസൺ പഴയചിറപീടികയിൽ**
സംസ്ഥാന ജനറൽ ഡയറക്ടർ, കെസിഎസ്എൽ

ഫോട്ടോ മാറ്റർ: കേരള കത്തോലിക്കാ വിദ്യാർത്ഥി സഖ്യത്തിന്റെ ആനിമേറ്റേഴ്സ് കോൺഫറൻസും അവാർഡുദാനചടങ്ങും ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. തോംസൺ പഴയചിറപീടികയിൽ, കുര്യച്ചൻ പുതുക്കാട്ടിൽ, മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ എന്നിവർ സമീപം